പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5151 27/07/2015 ൽ മറുപടിക്ക്

## സ്പെഷ്യൽ ടീച്ചർമാരുടെ സീനിയോറിറ്റിയും പ്രൊമോഷനും

**ചോദ്യം**

**ശ്രീ പി. തിലോത്തമൻ**

എ) അഞ്ചുവർഷത്തെ സർവ്വീസുള്ള പാർട്ട് ടൈം ടീച്ചർമാർക്ക് ഫുൾടൈം പ്രൊമോഷൻ നൽകാൻ ഉത്തരവുണ്ടെങ്കിലും സ്പെഷ്യൽ ടീച്ചർമാരുടെ കാര്യത്തിൽ 15 വർഷം സർവ്വീസുള്ളവരെ മാത്രമാണ് ഫുൾടൈം ടീച്ചർമാരായി ഉയർത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തരത്തിലുള്ള വിവേചനം എന്തുകൊണ്ടാണെന്ന് പറയാമോ; അഞ്ചു വർഷ സർവ്വീസുള്ള സ്പെഷ്യൽ ടീച്ചർമാരേയും ഫുൾടൈം ടീച്ചർമാരായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

ബി) 15 വർഷം പൂർത്തിയാക്കിയ പാർട്ട് ടൈം സ്പെഷ്യൽ ടീച്ചർമാരെ ഫുൾടൈം ആക്കിക്കൊണ്ട് 2009 ൽ ഉത്തരവ് ഇറക്കിയപ്പോൾ ഫുൾടൈം അദ്ധ്യാപകരായ സ്പെഷ്യൽ ടീച്ചർമാരുടെ അതിലേറെയുള്ള സേവനകാലം പരിഗണിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പ്രൊമോഷൻ, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയിലടക്കം അവർക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി**

**ശ്രീ. പി.കെ. അബ്ദു റബ്ബ്**

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) മുതൽ ഡി) വരെ പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് ടീച്ചർമാർക്ക് നിശ്ചിത വർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറക്ക് ഫുൾടൈം ആക്കി മാറ്റുന്നതിന് പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ല. എന്നാൽ 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 31/12/2009-ലെ ജി.ഒ.(എം.എസ്)257/09/പൊവി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ ഫുൾടൈം ആനുകൂല്യം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 15 വർഷത്തെ സേവനം പൂർത്തിയാക്കിയ മുഴുവൻ പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

സി) പാഠ്യപദ്ധതിയുടെ ഭാഗമായ ഡ്രോയിംഗ്, തയ്യൽ തുടങ്ങിയ . സ്പെഷ്യൽ വിഷയങ്ങൾ പഠിപ്പിക്കുന്ന ഇത്തരം അദ്ധ്യാപകരുടെ കാര്യത്തിൽ വിവേചനം ഒഴിവാക്കി ഇവരുടെ സേവനകാലയളവ് പൂർണ്ണമായും പരിഗണിച്ച് പ്രൊമോഷ നടക്കമുള്ള കാര്യങ്ങളിൽ ഉചിതമായ ഉത്തരവുണ്ടാക്കുവാനും മറ്റദ്ധ്യാപകർ ക്കുള്ള എല്ലാ പരിഗണനകളും ലഭിക്കു വാനും നടപടി സ്വീകരിക്കുമോ;

ഡി) സ്പെഷ്യൽ ടീച്ചർമാരുടെ സേവനകാല യളവ് പൂർണ്ണമായും പരിഗണിക്കപ്പെ ടണമെന്നും പാർട്ട് ടൈം അദ്ധ്യാപകരേ പോലെ 5 വർഷത്തെ സേവനകാലയള വുള്ളവരെ ഫുൾടൈമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങ ളിൽ തീരുമാനം കൈക്കൊള്ളാത്തതെ ന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ